# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2808 — 06/11/2019-ലെ മറുപടി

## കടുത്തുരുത്തി കേരളാ വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കേരളാ വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കുള്ള പുതിയ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനപുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) തയ്യാറാക്കിയിട്ടില്ല. |
| (ബി) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പുതിയ പ്രപ്പോസൽ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) കടുത്തുരുത്തി ഡിവിഷൻ ഓഫീസിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) 2016 -ൽ അനുമതി ലഭിച്ച പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അറിയിക്കാമോ;<br>(ഡി) ഇക്കാര്യം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ എത്തിയിട്ടുള്ള ഫയലിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ആയതിന്മേൽ എന്നത്തേക്ക് തീരുമാനം കൈക്കൊള്ളാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾക്ക് 08/01/2016-ലെ ഉത്തരവുപ്രകാരം നൽകിയ ഭരണാനുമതി കാലഹരണപ്പെട്ടതിനാൽ ആയത് പുതുക്കി ലഭ്യമാക്കുന്നതിനുള്ള കത്ത് 04/9/2019-ൽ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ സ്റ്റേറ്റ് പ്ലാനിലെ മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിയതിനാൽ അടുത്ത വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ